പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1073 | 15-10-2026-ൽ മറുപടിയ്ക്ക്

**<u>ബൈപ്പാസുകളെ നാലുവരിപ്പാതയാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. കെ. നവാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ഏറ്റവും മികച്ച സാങ്കേതികവിദ്യ ഉപയോഗിച്ച് ബൈപ്പാസുകൾ നാലുവരിപ്പാതയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതുമരാമത്തുവകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ദേശീയപാത വികസിപ്പിക്കുന്നതിനുള്ള DPR പ്രവൃത്തിയിൽ ആവശ്യം വരുന്ന സ്ഥലങ്ങളിൽ സ്ഥലലഭ്യതയനുസരിച്ച് പുതിയ ബൈപ്പാസുകൾ നാലുവരിയായി propose ചെയ്യുന്ന പ്രകാരം നടപ്പിലാക്കുന്നതാണ്. നിലവിൽ കൽപ്പറ്റ ബൈപ്പാസ് നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**(ബി)** നാലുവരിപ്പാത വികസനത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തം ഉപയോഗപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ പൊതു-സ്വകാര്യ പങ്കാളിത്തം (PPP) അടിസ്ഥാനമാക്കിയുള്ള പദ്ധതികളൊന്നും പരിഗണനയിലില്ല.

**(സി)** പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പണികളിലെല്ലാം ഊർജ്ജസംരക്ഷണത്തിനും പൈതൃകസംരക്ഷണത്തിനും പരിഗണന നൽകുമോയെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ഊർജ്ജ സംരക്ഷണത്തിനും പൈതൃക സംരക്ഷണത്തിനും ഊന്നൽ നൽകി തയ്യാറാക്കുന്ന ഡിസൈൻ പ്രകാരമുള്ള നിർമ്മാണമാണ് പൊതുമരാമത്തുവകുപ്പിൽ നടപ്പിലാക്കുന്നത്. പൊതുമരാമത്തുവകുപ്പിന്റെ ആധുനിക നിർമ്മാണനയങ്ങളിൽ തികച്ചും സുസ്ഥിരമായ ഒരു വികസനമാതൃകയാണ് നടപ്പിലാക്കിവരുന്നത്.തിരഞ്ഞെടുത്തിട്ടുള്ള പൈതൃക കെട്ടിടങ്ങൾക്ക് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കെട്ടിടങ്ങളുടെ എല്ലാ ഫീച്ചറുകളും അതേപടി നിലനിർത്തി പൈതൃകസംരക്ഷണ നവീകരണങ്ങൾ ചെയ്തുവരുന്നുണ്ട്. പഴയ കെട്ടിടങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സർക്കാർ കെട്ടിടങ്ങൾ എന്നിവ പുനരുദ്ധരിക്കുമ്പോൾ അവയുടെ രൂപത്തിനോ ശൈലിക്കോ മാറ്റം വരുത്താതെ സംരക്ഷിക്കുന്നു. പൊതുമരാമത്തുവകുപ്പ് കെട്ടിടവിഭാഗം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ സ്വാഭാവിക വെളിച്ചവും വായുസഞ്ചാരവും ലഭിക്കുന്നതരത്തിലുള്ള എഞ്ചിനീയറിംഗ് ആർക്കിടെക്ചർ ഡിസൈനുകളാണ് നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**